# പകർച്ച വ്യാധികളല്ലാത്ത രോഗങ്ങൾക്ക് ഉത്തമ പരിഹാരം ആയുർവേദം

തിരുവനന്തപുരം.  മുൻ ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ. പി. കെ. മോഹൻ ലാൽ അദ്ധ്യക്ഷത വഹിച്ച പ്ലീനറി സെഷനോടുകൂടിയാണ് ഗ്ലോബൽ ആയുർവേദ ഫെസ്റ്റിന്റെ രാം ദിനത്തിനു തുടക്കമായത്. പദ്മഭൂഷൻ ഡോ. ബി. എം. ഹെഗ്ഡെ  പകർച്ച വ്യാധികളല്ലാത്ത രോഗങ്ങൾക്ക് ആയുർവേദ പരിഹാരം എന്ന വിഷയത്തെക്കുറിച്ചുള്ള തന്റെ പ്രഭാഷണത്തിൽ ഇത്തരം രോഗങ്ങളെക്കുറിച്ച് സാധാരണക്കാർക്കിടയിലുള്ള അന്ധവിശ്വാസങ്ങളെക്കുറിച്ച് സംസാരിച്ചാണ് സെഷൻ ആരംഭിച്ചത്. രോഗങ്ങൾ മനുഷ്യ ശരീരത്തിലെ ഊർജ്ജ ക്രമങ്ങളുടെ വ്യതിയാനങ്ങളാണ്.

ആധുനിക ഔഷധങ്ങൾക്കും  ചികിത്സാ രീതികൾക്കും വെറും അൻപത് വർഷത്തിന്റെ പാരമ്പര്യമേയുള്ളു. അതിനാൽ തന്നെ നാം ഇവയെ കൂടുതലായി ആശ്രയിക്കേ ആവശ്യമില്ല. ആയുർവേദം അതിന്റെ അടിസ്ഥാനത്തിലൂന്നി പ്രവർത്തിക്കണമെന്നും നൂതന സാങ്കേതിക വിദ്യയെ അനുകരിക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആയുർവേദത്തിൽ മനസ്സ് ശരീരം പോലെ തന്നെ പ്രധാനം ആണ്, ആയുർവേദത്തിലൂടെ പകർച്ച വ്യാധികളല്ലാത്ത രോഗങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിയുമെന്ന ഉറപ്പോടെയാണ് അദ്ദേഹം സെഷൻ അവസാനിപ്പിച്ചത്. ആധുനിക വൈദ്യശാസ്ത്രത്തിലെ ഗവേഷണങ്ങൾ എങ്ങനെയാണ് ആയുർവേദത്തിലേക്ക് അതിന്റെ

തത്വങ്ങളിലേക്കും നയിക്കുന്നതെന്നും തെളിയിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം.
തുടർന്ന് പ്രമേഹത്തിനുള്ള  ആയുർവേദ ചികിത്സകളെ കുറിച്ച് ഡോ. ആർ. എച്ച്. സിംഗ് നടത്തിയ പ്രഭാഷണത്തിൽ പ്രമേഹത്തെ ജീവിതചര്യയിലുള്ള ഒരു പിശകായാണ് അദ്ദേഹം വിശേഷിപ്പിച്ചത്. ആധുനിക മരുന്നുകളെ ആയുർവേദ ചികിത്സാരീതികളുമായി താരതമ്യംചെയ്ത് അദ്ദേഹം ആയുർവേദത്തിന് നമ്മുടെ സംസ്കാരവുമായി പിരിയാനാവാത്ത ബന്ധമാണുള്ളതെന്ന് പറഞ്ഞു. പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊ് ഒരു ദോഷവും വരുത്താതെയുള്ള ഈ ആയുർവേദചികിത്സാ രീതി ആധുനിക വൈദ്യശാസ്ത്രത്തിന് ഇന്നും  അത്ഭുതമാണ്. കേരളത്തിലെ ആയുർവേദ ചികിത്സയെയും പഞ്ചകർമയ്ക്ക് അതിലുള്ള പ്രാധാന്യത്തെ പറ്റിയും പറഞ്ഞുകൊാണ് അദ്ദേഹം സെഷൻ അവസാനിപ്പിച്ചത്.
പാർക്കിൻസണിന് ഒരു മറുമരുന്ന് എന്ന വിഷയത്തെ ആസ്പതമാക്കി ഡോ. ഹോസ്റ്റ് സുൻടെക്ക് അവതരിപ്പിച്ച പ്ലീനറി സെഷനിൽ. പാർക്കിൻസൺ എന്ന രോഗത്തെക്കുറിച്ചും അതിന്റെ രോഗലക്ഷണങ്ങളെക്കുറിച്ചും, നിയന്ത്രണങ്ങളും ഉൾപ്പെട്ടു. യോഗ, നസ്യം, പഞ്ചകർമ എന്നിവയിലൂടെ  രോഗത്തെ ശമിപ്പിക്കാൻ കഴിയുമെന്നും പഥ്യപ്രകാരമുള്ള ഭക്ഷണക്രമമാണ് ചികിത്സയ്ക്ക് അനിവാര്യമെന്നും ഡോക്ടർ അഭിപ്രായപ്പെട്ടു.
എല്ലാവിധ രോഗങ്ങൾക്കും ആയുർവേദത്തിൽത്തന്നെ പ്രതിവിധിയുള്ളപ്പോൾ നാം പാശ്ചാത്യ ചികിത്സാ സമ്പ്രദായത്തെ ആശ്രയിക്കേ ആവശ്യമില്ലെന്ന് പ്രൊഫ. എ. കെ. വർമ്മ അഭിപ്രായപ്പെട്ടു. ആഗോള ആയുർവേദ ഉത്സവത്തിന്റെ ഭാഗമായി നടന്ന പ്ലീനറി സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.  ലഖ്നൗ സഞ്ജയ് ഗാന്ധി പോസ്റ്റ് ഗ്രാജ്യൂവേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മെഡിക്കൽ സയൻസിലെ എൻഡോക്രൈനോളജി ഡിപ്പാർട്ട്മെന്റ് തലവനാണ് ഇദ്ദേഹം.
പൂർണ്ണമായ രോഗവിമോചനം അലോപ്പതിപോലുള്ള ചികിത്സാസമ്പ്രദായങ്ങൾക്ക് സാധിക്കുകയില്ല. എന്നാൽ ഹൃദ്രോഹം, അൽഷിമേഴ്സ് തുടങ്ങിയവ പൂർണ്ണമായി ഇല്ലാതാക്കാൻ ആയുർവേദത്തിലൂടെ സാധിക്കുമെന്നു ഉദാഹരണങ്ങൾ ചൂിക്കാട്ടി
അദ്ദേഹം വ്യക്തമാക്കി. ചികിത്സാസമ്പ്രദായം പൂർണ്ണമായും വേദനാവിമുക്തവും പാർശ്വഫലങ്ങൾ ഇല്ലാത്തതും അതേ സമയം ചെലവു കുറഞ്ഞതുമായിരിക്കണമെന്നുമാണ് ഒരോ രോഗിയും ആഗ്രഹിക്കുന്നത്. എല്ലാ അർത്ഥത്തിലും അങ്ങനെയുള്ള ഒരു ചികിത്സാരീതിയാണ്

ആയുർവേദത്തിലുള്ളത് എന്ന് അദ്ദേഹം കൂട്ടിചേർത്തു.

ഭാരതത്തിന് സ്വന്തമായ രസശാസ്ത്രത്തെപ്പറ്റിയും അതിന്റെ സാധ്യതകളെപ്പറ്റിയും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ പരാമർശിച്ചു. പാശ്ചാത്യ ചികിത്സാ സമ്പ്രദായത്തിനു കത്തൊനാവാത്ത പല സമസ്യകൾക്കും ആയുർവേദത്തിൽ ഉത്തരമുന്നെും അദ്ദേഹം വ്യക്തമാക്കി. എന്നാൽ ആയുർവേദത്തിലെ പല മരുന്നുകൾക്കും പേറ്റന്റ് നേടുന്നത് വിദേശികളാണെന്നും തമാശരൂപേണെ അദ്ദേഹം കൂട്ടിച്ചേർത്തു.

ഭാരതത്തിന്റെ തനതു ചികിത്സാ സമ്പ്രദായത്തെ നാം ബഹുമാനിക്കാണമെന്നും അവയെ വേ വിധം ഉൾക്കൊള്ളാൻ തയ്യാറാക്കണമെന്നും ആവശ്യപ്പെട്ടുകൊ് അദ്ദേഹം പ്രഭാഷണം അവസാനിപ്പിച്ചു.

മലബാർ ബൊട്ടാണിക്കൽ പഠനങ്ങൾ കച്ചവടത്തെ വളർത്തിയതും, കോളനിവൽക്കരണത്തിനു മുമ്പുള്ള കാലത്തെ മരുന്നുകളും ശാസ്ത്രവും എന്ന വിഷയത്തിൽ അന്ന സ്പുഡിക്ക് നടത്തിയ പ്ലീനറി പ്രഭാഷണം ഏറെ ശ്രദ്ധേയമായി. ഇവിടുന്നുള്ള മടക്കയാത്രയിൽ കടൽ യാത്രാമധ്യേ പോർച്ചുഗീസുകാർക്കുായ അസുഖങ്ങൾ ആയുർവേദ മരുന്നുകൾ കൊ് ഭേദമായി.

ആയുർവേദത്തിന്റെ മാസ്മരികമായ ഔഷധ ഗുണങ്ങൾ മനസിലാക്കിയ അവർ ആയുർവേദത്തിന് തങ്ങളുടെ നാട്ടിലും വേരുകൾ കത്തൊൻ ശ്രമിച്ചു. അതോടെയാണ് സുഗന്ധവ്യഞ്ജനങ്ങളും ആയുർവേദ പാരമ്പര്യവും സ്വന്തമാക്കുക എന്നത് അവരുടെ ലക്ഷ്യമായത് എന്നും അവർ അഭിപ്രായപ്പെട്ടു.

ആധുനിക ഔഷധ മേഖലയ്ക്ക് ആയുർവേദം നൽകുന്ന ഉപയോഗങ്ങളെ കുറിച്ച് പരാമർശിച്ചു കൊു തുടങ്ങിയ ഡോ. ഭൂഷൺ പട്വർധൻ ആയുർവേദവും ശാസ്ത്രവും എന്ന വിഷയത്തിൽ പ്ലീനറി പ്രബന്ധം അവതരിപ്പിച്ചു. വിദ്യാഭ്യാസ- ഗവേഷണ മേഖലകളിൽ ഒട്ടനവധി സംഭാവനങ്ങൾ നൽകിയ ഡോ. പട്വർധൻ ശാസ്ത്രത്തെപറ്റിയുള്ള തന്റെ കാഴ്ചപ്പാടുകളെ വ്യക്തമാക്കി. പരമ്പരാകത ആയുർവേദ ശൈലികൾ അംഗീകരിക്കുന്നതിന് ശാസ്ത്രീയ രീതികൾ ഉപയോഗപ്രദമാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ കാലഘട്ടത്തിൽ സൂഷ്മകണികാ ശാസ്ത്രവും പഞ്ചമഹാഭൂത സങ്കല്പവും, ദേഹം- ദേഹി-ആത്മാവ് സങ്കല്പവും, കായകല്പവും പുനർജീവകോശ പഠനവും വളരെ പ്രധാനപ്പെട്ട ഗവേഷണങ്ങൾ നടക്കേ മേഖലങ്ങളാണെന്നും അദ്ദേഹം കൂട്ടിചേർത്തു.

അർബുദം , പ്രമേഹം , വന്ധ്യതയും ഗർഭചികിത്സയും, രക്താതിസമ്മർദം എന്നീ വിഷയങ്ങളിൽ വിവിധ വേദികളിലായി പ്രമുഖ ഡോക്ടർമാർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**<u>പ്രദർശനങ്ങൾ</u>**

ആയുർവേദ മരുന്നുകൾ, ജീവിതശൈലിയുമായി ബന്ധപ്പെട്ട രോഗങ്ങൾ എന്നിവയെ സംബന്ധിച്ച പോസ്റ്ററുകളുടെ പ്രദർശനം കനകക്കുന്ന് കൊട്ടാരത്തിൽ നടന്നു. ര് ദിവസം നീ നിന്ന പ്രദർശനത്തിൽ 50-ഓളം പോസ്റ്ററുകൾ പ്രദർശിപ്പിച്ചിരിക്കുന്നു. ഹസ്സൻ എസ്. എം. ടി. കോളേജ്, തൃപ്പൂണിത്തറ ഗവ. ആയുർവേദ കോളേജ്, തിരുപ്പതി എസ്. വി. ആയുർവേദ കോളേജ് , തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ് തുടങ്ങി ഭാരതത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ഒരുക്കിയതാണ് ഈ പ്രദർശനം. ഡോ. സി. രത്, ഡോ. രഘുനാഥൻ , ഡോ. ശ്യാം കൃഷ്ണൻ എന്നിവർ ഈ പ്രദർശനം വിലയിരുത്തുകയുായി.

**<u>ആരോഗ്യ എക്സ്പോ</u>**

മേളയുടെ ഭാഗമായി സൂര്യകാന്തിയിൽ നടക്കുന്ന ആരോഗ്യ എക്സ്പോ വൈവിധ്യമാർന്ന ആയുർവേദ ഔഷധങ്ങളുടെയും പ്രകൃതി ചികിത്സാരീതികളുടെയും പ്രദർശനം കൊ് ജനശ്രദ്ധ ആകർഷിക്കുന്നു. സൗജന്യ ചികിത്സ നൽകുന്ന ആയുഷ് ക്ലിനിക്കും ആയുർവേദത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുടെ വൻശേഖരവും ഈ മേളയുടെ മുഖ്യ ആകർഷണമാണ്. ഔഷധക്കൂട്ടുകൾ, അത്യപൂർവ്വമായ ഔഷധസസ്യങ്ങൾ, മരുന്നുകൾ തയ്യാറാക്കാനുള്ള സാമഗ്രികൾ എന്നിവയും ഇവിടെ പ്രദർശിപ്പിച്ചിട്ട്. തലസ്ഥാന നഗരി അലങ്കരിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ഈ ആയുർവേദ ഉത്സവം സന്ദർശകർക്ക് നവ്യാനുഭവമായി തീരുകയാണ്.

For more info:

Dr. C. Suresh Kumar/ General Secretary, CISSA

09447205913

Sanjeev / Siyahi – The Content & PR People

09847044636